# കില
## വാർത്താപത്രിക

VOLUME-10
ISSUE-7
JULY 2017

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




പദ്ധതി നിർവഹണവും നവകേരളമിഷനും ആയി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ.കെ.ടി. ജലീൽ ഉദ്ഘാടനം ചെയ്യുന്നു

# മാലിന്യസംസ്കരണം: കർശന നടപടി സ്വീകരിക്കുമെന്നു മന്ത്രി ഡോ. കെ. ടി. ജലീൽ

**സെപ്തംബർ** 15 നു മുമ്പ് മാലിന്യസംസ്കരണത്തിനു സംവിധാനമൊരുക്കാത്ത കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുമെന്നു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ. കെ.ടി.ജലീൽ പറഞ്ഞു. പദ്ധതി നിർവഹണവും നവകേരളമിഷനും ആയി ബന്ധപ്പെട്ട് ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതല ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ജൂൺ 15നകം പദ്ധതികൾ സമർപ്പിച്ച് ഡി.പി.സി അംഗീകാരം നേടിയ തദ്ദേശസ്ഥാപനങ്ങൾ, അതേ ഉത്സാഹവും ജാഗ്രതയും തുടർന്നുകൊണ്ടുപോകണം. തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായാണ് എഞ്ചിനീയർമാരെ തദ്ദേശസ്ഥാപനങ്ങളുടെ ഭാഗമായി മാറ്റിയത്. ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ പ്രോട്ടോകോൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ സർവകക്ഷി യോഗം വിളിക്കും. അതിനു ശേഷം ഉചിതമായ തീരുമാനങ്ങളുണ്ടാകും.നദിസംരക്ഷണത്തിന്റെയും ജലാശയസംരക്ഷണത്തിന്റെയും ചുമതല ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് സജീവമായി പരിഗണിക്കുന്നുണ്ട്. നായ്ക്കളുടെ ശല്യം കുറയ്ക്കുന്നതിനു തൃശ്ശൂർ കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള വന്ധീകരണ ക്ലിനിക്ക് മാതൃകാപരമാണെന്നു മന്ത്രി അഭിപ്രായപ്പെട്ടു.

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ പ്രസിഡന്റ് വി. കെ.മധു അദ്ധ്യക്ഷനായിരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ശാന്തകുമാരി സ്വാഗതമാശംസിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി വിഷയാവതരണം നടത്തി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി വിശ്വംഭരപ്പണിക്കർ ആശംസകളർപ്പിച്ചു. പൊതുവിദ്യാഭ്യസംരക്ഷണയജ്ഞവും നവകേരളമിഷനും എന്ന വിഷയത്തെക്കുറിച്ച് വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് സംസാരിച്ചു.

വിവിധ വിഷയങ്ങളെക്കുറിച്ച് കില ഡയറക്ടർ ഡോ. ജോയ് ഇളമൺ (ഡി.പി.സിയും ജില്ലാപദ്ധതി രൂപീകരണവും) ഡോ.ബി.ഇക്ബാൽ (ആരോഗ്യമേഖലയും ജില്ലാപഞ്ചായത്തും) ഡോ.ജെ.ബി.രാജൻ (പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞവും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും) ടി.രാധാകൃഷ്ണൻ (ജില്ലാപഞ്ചായത്തിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും) ക്ലാസ്സെടുത്തു.

## വന്യമൃഗശല്യം നേരിടുന്നതിനു പദ്ധതി തയ്യാറാക്കാം

**വന്യമൃഗശല്യം** നേരിടുന്ന പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പ് 7.7.2017 ൽ 1/05/2017 നമ്പറായി സർക്കുലർ പുറപ്പെടുവിച്ചു.

# വിവിധ പ്രോജക്ടുകൾ പൂർത്തിയാവുന്നു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിനുവേണ്ടി തദ്ദേശമിത്രത്തിന്റെ ഭാഗമായി കിലയിൽ നടന്നുവരുന്ന വിവിധ പ്രോജക്ടുകൾ അന്തിമഘട്ടത്തിലായി. കേരള ലോക്കൽ ഗവർമ്മെന്റ് സർവീസ് ഡെലിവറി പ്രോജക്ടിന്റെ കീഴിൽ 2012 മുതൽക്കാണ് പ്രവർത്തനം തുടങ്ങിയത്. പതിനൊന്നു വിഷയങ്ങളിൽ മാന്വൽ തയ്യാറാക്കി ഇതിനകം സർക്കാരിനു സമർപ്പിക്കുകയും സർക്കാർ അതംഗീകരിച്ച് ഉത്തരവിറക്കുകയും ചെയ്തു.

ഫിനാൻസ് മേനേജ്മെന്റ്, റവന്യൂ, ബജറ്റ്, പ്രൊക്യൂർമെന്റ്, പെർഫോർമൻസ് ഓഡിറ്റ്, അസറ്റ് മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ്, ഗ്രീവൻസ് റീഡ്രെസ്സൽ, പബ്ലിക്ക് റിപ്പോർട്ടിംഗ്, ജന്റർ ബജറ്റ്, പബ്ലിക്ക് വർക്സ് എന്നിവയ്ക്കു പുറമെ പഞ്ചായത്തുകൾക്കു കൈമാറി കിട്ടിയ സ്ഥാപനങ്ങളായ പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ ഡിസ്പെൻസറികൾ/ആശുപത്രികൾ,ഹോമിയോപ്പതി ഡിസ്പെൻസറികൾ/ആശുപത്രികൾ, വെറ്ററിനറി ഡിസ്പെൻസറികൾ/ആശുപത്രികൾ, അങ്കണവാടി, പ്രൈമറി സ്കൂൾ, കൃഷിഭവൻ, മത്സ്യഭവൻ, എന്നിവയ്ക്കുള്ള മാന്വലുകളും പൂർത്തിയായി. കില ഹെൽപ്പ് ഡെസ്കിൽ ഓട്ടോമേഷൻ സംവിധാനമേർപ്പെടുത്തൽ, നവീനരീതിയിലുള്ള പരിശീലനഹാളിന്റെ സജ്ജീകരണം, കിലയിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ(ടി.ക്യൂ.എം)ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, ഓൺലൈൻ കോഴ്സിനുള്ള ലോഗ് നെറ്റ്, കിലയുടെ പുസ്തകങ്ങളെ ഡിജിറ്റൽ സംവിധാനത്തിലാക്കുന്ന ഡിസ്പേസ് സംവിധാനം, പരിശീലനപരിപാടികൾ കമ്പ്യൂട്ടർ വഴി ബുക്കുചെയ്യാനുള്ള കലഡ്രാ സോഫ്റ്റ് വെയർ, കില ലൈബ്രറിയിൽ ലഭ്യമായ പുസ്കങ്ങളെ തരംതിരിക്കുന്നതിനും പുസ്കങ്ങൾ കമ്പ്യൂട്ടർ വഴി വിതരണം ചെയ്യാനും റിട്ടേൺ ചെയ്യുന്നതിനും സൗകര്യമൊരുക്കുന്ന കോഹാ സോഫ്റ്റ് വെയർ എന്നിവയെല്ലാം കെ.എൽ.ജി.എസ്.ഡി.പി പ്രകാരം കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കി. കില അസി.പ്രൊഫ. ഡോ.ജെ.ബി.രാജനാണ് ഇതിന്റെ നോഡൽ ഓഫീസർ.

ഗ്രാമപഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്കുവേണ്ടിയുള്ള ഓൺലൈൻ കോഴ്സായ ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസിന്റെ ഓൺലൈൻ പോർട്ടായ ലോഗ് നെറ്റ് തയ്യാറാക്കിയത് ഐ.ടി സ്പെഷലിസ്റ്റ് ശ്രീകാന്തായിരുന്നു. ഉമേഷ് (ഫാക്കൽററി, സോഷ്യൽ ഡെവലപ്മെന്റ്)അപർണ യു.(ഫാക്കൽറ്റി ഫിനാൻസ് മാനേജ്മെന്റ്) ഫെമിന ജോയ്(ഫാക്കൽററി അക്കൗണ്ടിംഗ്) അനൂപ് (ഐ.ടി. സപ്പോർട്ട്) എന്നിവർ വിവിധ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.



ജനകീയാസൂത്രണത്തിന്റെകാര്യശേഷിവികസന പരിപാടിയുടെ അഞ്ചാംഘട്ടമായ പദ്ധതി നിർവഹണവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് കിലയിൽ ആരംഭിച്ച പരിശീലകപരിശീലനത്തിൽ പങ്കെടുത്തവർ

## ജനകീയാസൂത്രണം:
## കാര്യശേഷിവികസന പരിപാടി തുടങ്ങി

ജനകീയാസൂത്രണത്തിന്റെ കാര്യശേഷിവികസന പരിപാടിയുടെ അഞ്ചാംഘട്ടമായ പദ്ധതിനിർവഹണവും മോണിറ്ററിംഗും ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് കിലയിൽ ആരംഭിച്ച പരിശീലകപരിശീലനത്തിൽ പ്രൊഫ.പി.കെ.രിവീന്ദ്രൻ ആമുഖപ്രഭാഷണം നടത്തി. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം ജി.കെ.സദനരാജ് കാര്യപരിപാടി വിശദീകരിച്ചു. പദ്ധതിനിർവഹണവും മോണിറ്ററിംഗും, മോണിറ്ററിംഗ് പ്രവർത്തന കലണ്ടർ, നൂതന പ്രോജക്ടുകൾ, പദ്ധതിനിർവഹണ ശിൽപ്പശാല തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.ഡോ.ജെ.ബി.രാജൻ, എസ്.ആർ.ജി മെമ്പർ എസ് ജമാൽ, സി.കെ.സദനരാജ് എന്നിർ നേതൃത്വം നൽകി.

പെർഫോർമൻസ് ഓഡിറ്റ്, സാമ്പത്തികസ്ഥിതിവിവരകണക്ക്, ജില്ലാ ആസൂത്രണസമിതി എന്നിവിടങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥർ, പ്ലാനിംഗ് മോണിറ്ററിംഗ് ഓഫീസർമാർ, സന്നദ്ധപ്രവർത്തകർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.14 ജില്ലകളിൽനിന്നായി 200 ൽ പരം പേർ സംബന്ധിച്ചു.സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വിവിധ മിഷനുകളുടെ ഏകോപനം, പ്ലാൻ തയ്യാറാക്കൽ പദ്ധതി പരിശോധനയും അംഗീകാരവും എന്നീ നാലു ഘട്ടങ്ങളിലെ പരിശീലനം നേരത്തെ പൂർത്തിയാക്കിയിരുന്നു. അഞ്ചാം ഘട്ടത്തിൽ ജില്ലാതലത്തിൽ പരിശീലനം നൽകുന്ന പരിശീലകരെ തയ്യാറാക്കലും തദ്ദേശസ്ഥാപനതലത്തിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കലുമാണ്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, ആസൂത്രണസമിതി വൈസ് ചെയർമാൻമാർ, സെക്രട്ടറിമാർ, സന്നദ്ധപ്രവർത്തകർ എന്നിവരാണ് തദ്ദേശസ്ഥാപനതലത്തിലെ ശിൽപ്പശാലയിൽ പങ്കെടുക്കുന്നവർ. ശിൽപ്പശാലയ്ക്കെത്തുന്ന നിർവഹണ ഉദ്യോഗസ്ഥർ ഈ വർഷത്തെ പ്രോജക്ടുകളുടെ പട്ടികയുമായാണ് പങ്കെടുക്കേണ്ടത്. ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സാമ്പത്തികവർഷത്തെ ആദ്യപാദത്തിൽ തന്നെ പദ്ധതി അംഗീകാരം വാങ്ങിയ പശ്ചാത്തലത്തിൽ സമയബന്ധിതവും കാര്യക്ഷമവുമായ പദ്ധതിനിർവഹണമാണ് ലക്ഷ്യമിടുന്നത്.



കിലയിൽ സംഘടിപ്പിച്ച ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കുള്ള സംസ്ഥാനതല ശിൽപ്പശാലയിൽ നവകേരളമിഷനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും എന്ന വിഷയത്തെക്കുറിച്ച് വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രൊ.ഫ. സി.രവീന്ദ്രനാഥ് സംസാരിക്കുന്നു

# വിഷയപഠനം മാത്രമല്ല വിദ്യാഭ്യാസം
# മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്

**അന്തരീക്ഷ**-മണ്ണ്-ജല മലിനീകരണമാണ് നമ്മുടെ പുതുതലമുറയിലെ എല്ലാപ്രശ്നങ്ങളുടേയും അടിസ്ഥാനമെന്നു വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്. കിലയിൽ സംഘടിപ്പിച്ച ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കുള്ള സംസ്ഥാനതല ശിൽപ്പശാലയിൽ നവകേരളമിഷനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുവേണ്ടി തദ്ദേശസ്ഥാപനങ്ങൾക്കു എന്തുപദ്ധതി തയ്യാറാക്കാൻ കഴിയുമെന്നു ചർച്ച ചെയ്യണം. നവകേരളമിഷനിലെ നാലു മിഷനുകളും പരസ്പരപൂരകങ്ങളാണ്. രാസവസ്തുക്കളും കീടനാശിനികളും പ്ലാസ്റ്റിക്കുംകൊണ്ട് മണ്ണിനെ മലിനപ്പെടുത്തിയിരിക്കയാണ്. അതുകൊണ്ട് ജലസംരക്ഷണത്തിനുള്ള മണ്ണിന്റെ ശേഷി നഷ്ടമായി. വ്യാപകമായ കൃഷിയിലൂടെ മാത്രമേ ഇതിനു പരിഹാരം കാണാനാകൂ. എല്ലാ വിദ്യാലയങ്ങളിലും ജൈവ വൈവിധ്യ ഉദ്യാനങ്ങളുണ്ടാകണം. വിദ്യാർത്ഥികൾക്കു അറിവുനൽകുന്നതായിരിക്കണം കാമ്പസുകൾ. ഗ്രാമപഞ്ചായത്തുകൾ വിചാരിച്ചാലേ ഇതു സാദ്ധ്യമാകൂ. ഇവിടെയാണ് ജനകീയവിദ്യാഭ്യസത്തിന്റെ പ്രസക്തി വരുന്നത്. എല്ലാ മേഖലയിലും കുട്ടികൾ കഴിവുള്ളവരാകണം. വിഷയപഠനം മാത്രമല്ല വിദ്യാഭ്യാസം. പഠിക്കലും ജയിക്കലും മാത്രമല്ല വിദ്യഭ്യാസം, വിദ്യാഭ്യാസവികസനത്തിനു ചെറിയ പദ്ധതികളുണ്ടായാൽ മതി.

ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളും മാർച്ച് 31 നകം ഹൈടെക്കാകും. പരീക്ഷയിൽ വലിയ മാറ്റം വരാൻ പോകുന്നു. പാർശ്വവൽക്കരണമാണ് ഇന്നത്തെ മറ്റൊരു പ്രശ്നം. ജനകീയ വിദ്യാഭ്യാസപരിപാടിയിലൂടെ മാത്രമേ ഇതിനു പരിഹാരം കാണാനാകൂ. ഉച്ചഭക്ഷണം മെച്ചപ്പെടുത്താൻ സർക്കാർ തീവ്രശ്രമം നടത്തിവരികയാണ്. സ്പോൺസർമാരെ കണ്ടെത്തി രാവിലേയും കുട്ടികൾക്കു ലഘുഭക്ഷണം നൽകുന്നതിനു പഞ്ചായത്തുകൾ മുൻകൈ എടുക്കണം. സ്കൂൾ കെട്ടിടനിർമ്മാണത്തിനു എയ്ഡഡ് സ്കൂളുകൾക്കും സർക്കാർ പണം നൽകാൻ പോകുകയാണ്. അവർ ഏത്ര തുക ചെലവാക്കുന്നുവോ അത്രയും തുക സർക്കാരും നൽകും.

## തദ്ദേശസ്ഥാപനങ്ങൾക്കു ചരിത്രനേട്ടം:
## ജൂൺ 15 നു മുമ്പ് വർഷികപദ്ധതി സമർപ്പിച്ചു

**സംസ്ഥാനത്തെ** മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളും വാർഷിക പദ്ധതി(2017-18)ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിനു സമർപ്പിച്ചു ചരിത്രനേട്ടം കൈവരിച്ചു. സംസ്ഥാനത്തെ 1200 തദ്ദേശഭരണസ്ഥാപനങ്ങളും ജൂൺ 15 ഓടുകൂടി പദ്ധതിരേഖകൾ സമർപ്പിച്ചുകൊണ്ടാണ് ഈ നേട്ടം കൈവരിച്ചത്.

ഇതിൽ 1150 സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്കു ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു. പ്രാദേശികസ്ഥാപനങ്ങളുടെ പദ്ധതിയുടെ കാര്യത്തിൽ ഇതു സർവകാല റെക്കോർഡാണ്. രണ്ടാംഘട്ട ജനകീയാസൂത്രണം വൻ വിജയമാകുമെന്നു ഇതോടെ വ്യക്തമായി.അതതു സാമ്പത്തികവർഷത്തെ സെപ്തംബർ ഒക്ടോബർ മാസങ്ങളിലായിരുന്നു പ്രാദേശിക പദ്ധതികൾക്കു നേരത്തെ ഡി.പി.സിയുടെ അംഗീകാരം ലഭിച്ചിരുന്നത്. ജനകീയാസൂത്രണം തുടങ്ങി ഇരുപതുവർഷത്തിനിടെ ആദ്യമായാണ് ഇത്രയധികം തദ്ദേശഭരണസ്ഥാപനങ്ങൾ വർഷാരംഭത്തിൽ തന്നെ പദ്ധതിക്കു അംഗീകാരം നേടുന്നത്. ഇതുമൂലം പ്രോജക്ടുകളുടെ വിശദമായ പരിശോധനയ്ക്കും സാങ്കേതികാനുമതിക്കും നിർവഹണത്തിനും കൂടുതൽ സമയം ലഭിക്കും. നിർവഹണവും പദ്ധതി ചെലവും മാർച്ചിൽ കേന്ദ്രീകരിക്കുന്ന ന്യൂനമായ പ്രവണത ഇതോടെ ഇല്ലാതാകും. തുടക്കത്തിൽ തന്നെ വാർഷികപദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിരുന്നു.

പ്രാദേശികപദ്ധതികൾ തയ്യാറാക്കാനുള്ള വിഹിതമായി ഈ വർഷം സംസ്ഥാന ബജററിൽനിന്നും പ്ലാൻഫണ്ട് ഇനത്തിൽ 6227.5 കോടി രൂപയും മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 2183.44 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ബജറ്റിൽ അനുവദിച്ച തുകയ്ക്കു പുറമെ പ്രാദേശികമായി മററു സ്രോതസുകളിൽനിന്നു ലഭ്യമാകുന്ന വിഹിതം കൂടി വകയിരുത്തി ആകെ 15,503.89 കോടി രൂപയുടെ 254,535 പ്രോജക്ടുകളാണ് ഈ വർഷം ഏറ്റെടുക്കുന്നത്.

# പാരിസ്ഥിതിക സാമ്പത്തികശാസ്ത്രത്തെക്കുറിച്ച്
# കിലയിൽ അന്താരാഷ്ട്ര സമ്മേളനം

**പാ**രിസ്ഥിതികസാമ്പത്തികശാസ്ത്രത്തെക്കുറിച്ചുള്ള മൂന്നു ദിവസത്തെ അന്താരാഷ്ട്രസമ്മേളനം നവംബറിൽ കിലയിൽ സംഘടിപ്പിക്കും. കിലയും ഇന്ത്യൻ സൊസൈറ്റി ഫോർ ഇക്കോളജിക്കൽ ഇക്കണോമിക്സും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് കിലയിൽ ചേർന്ന സംഘാടക സമിതി യോഗത്തിൽ കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യൻ സൊസൈറ്റി ഫോർ സോഷ്യോളജിക്കൽ എക്കണോമിക്സ് പ്രസിഡന്റ് പ്രണാബ് മുഖോപദ്ധ്യായ, സെക്രട്ടറി നന്ദൻ നോൺ, കെ.എഫ്.ആർ.എ മുൻ ഡയറ ക്ടർ ഡോ.ഈശ, ബിബു നായിക്ക് തുടങ്ങിയവർ സംബന്ധിച്ചു. ഇന്ത്യയ്ക്കകത്തുനിന്നും പുറത്തുനിന്നുമായി 200 ൽ പരം പ്രതിനിധികൾ സമ്മേളത്തിൽ സംബന്ധിക്കും. പാരിസ്ഥിതിക സാമ്പത്തികശാസ്ത്രവുമായി ബന്ധപ്പെട്ട 100-ൽ പരം പ്രബന്ധങ്ങൾ അവതരിപ്പിക്കും.നവംബർ എട്ടിനാരംഭിക്കുന്ന സമ്മേളനം മൂന്നുദിവസം നീണ്ടുനിൽക്കും. സമ്മേളനം തുടങ്ങുന്നതിന്റെ തലേനാൾ തൃശ്ശൂരിലെ വിവിധ ഗവേഷണ, വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പോയി പാരിസ്ഥിതിക സാമ്പത്തികശാസ്ത്രത്തെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുക്കും.

ദേശീയതലത്തിൽ അറിയപ്പെടുന്ന വിദഗ്ദ്ധരായിരിക്കും ചർച്ചകൾക്കു നേതൃത്വം നൽകുക.



തദ്ദേശസ്ഥാപനങ്ങളുടേയും ആർ.എം.എസ്.എയുടേയും സംയോജിത വിദ്യാഭ്യാസപദ്ധതി തയ്യാറാക്കുന്നതിനുള്ള ദ്വിദിന ശിൽപ്പശാല കിലയിൽ കൊല്ലം കോർപ്പറേഷൻ മേയർ അഡ്വ.വി. രാജേന്ദ്രബാബു ഉദ്ഘാടനം ചെയ്യുന്നു

# സംയോജിത വിദ്യാഭ്യാസപദ്ധതി:
# കിലയിൽ ദ്വിദിന ശിൽപ്പശാല

**പൊ**തുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനു തദ്ദേശസ്ഥാപനങ്ങളുടേയും ആർ.എം.എസ്.എ (രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ) യുടേയും സംയോജിത വിദ്യാഭ്യാസപദ്ധതി തയ്യാറാക്കുന്നതിനുള്ള ദ്വിദിന ശിൽപ്പശാല കിലയിൽ തുടങ്ങി. കൊല്ലം കോർപ്പറേഷൻ മേയർ അഡ്വ.വി.രാജേന്ദ്രബാബു ഉദ്ഘാടനം ചെയ്തു.

കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. ജില്ലാ പഞ്ചായത്തുകളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, നിർവഹണ ഉദ്യോഗസ്ഥർ, പ്ലാൻ ക്ലാർക്കുമാർ, ആസൂത്രണസമിതി അംഗങ്ങൾ, ആർ.എം.എസ്.എ പ്രൊഗ്രാം ഓഫീസർമാർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ആർ.എം.എസ്.എ അഡി.ഡയറക്ടർ പി.ഐ.മാത്യു, ഡോ.പ്രമോദ്, ഷൂജ, ഡോ. രതീഷ് കാളിയാടൻ, എൻ.പി. വേണുഗോപാൽ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

## നഗരസഭ ഉദ്യോഗസ്ഥർക്കു പരിശീലനം

**ന**ഗരസഭ ഭരണസംവിധാനത്തെക്കുറിച്ച് നഗരസഭകളിലേയും നഗരകാര്യഡയറക്ടറേറ്റിലേയും ഉദ്യോഗ്സ്ഥർക്കുള്ള മൂന്നു ദിവസത്തെ പരിശീലനപരിപാടി കിലയിൽ ആരംഭിച്ചു. കില ഡയറക്ടർ ജോയ് ഇളമൺ, കോഴ്സ് ഡയറക്ടർ ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ എം.രേണുകുമാർ എന്നിവർ സംസാരിച്ചു. നഗരഭരണം, കമ്മിറ്റിസംവിധാനങ്ങൾ,കൗൺസിൽ-സ്റ്റാൻഡിംഗ് കമ്മിറ്റി യോഗനടപടികൾ,വിഭവസമാഹരണം, ഉദ്യോഗസ്ഥസംവിധാനം, ഉദ്യോഗസ്ഥരുടെ ചുമതലകൾ, അക്കൗണ്ടിംഗ്, ഓഡിറ്റിംഗ്, ലൈസൻസുകൾ, പദ്ധതി ആസൂത്രണം, നിർവഹണം, നികുതി നിർണ്ണയം, അപ്പീൽ, ക്ഷേമപെൻഷനുകൾ, ഓഫീസ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചാണ് പരിശീലനം.

## പട്ടികജാതി വികസനം: 2524 പേർ പരിശീലനത്തിൽ പങ്കെടുത്തു

പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനപരിപാടിയിൽ ഇതുവരെ 2524 പേർ പങ്കെടുത്തു. ഫെബ്രുവരി 10 മുതൽ തുടങ്ങിയ പരിശീലനപരിപാടിയിൽ 748 പഞ്ചായത്തുകൾ പങ്കാളികളായി. 67-ാമത്തെ ബാച്ച് പരിശീലനത്തിൽ തൃശ്ശൂർ കോഴിക്കോട് ജില്ലകളിൽനിന്നുള്ള 59 പേർ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, പട്ടികജാതി പ്രൊമോട്ടർമാർ, പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ എന്നിവരാണ് രണ്ടുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്.വിജയകൃഷ്ണൻ, എൻ.സി.ചെറിയാൻ, കെബി.ഷാജി, എൻ.രാമചന്ദ്രൻ നായർ, സിറാജുദ്ദീൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു. ഡോ.പീറ്റർ എം.രാജ് കോഴ്സ് ഡയറക്ടറും എം.കെ.രവീന്ദ്രനാഥ് കോഴ്സ് കോർഡിനേറ്ററുമാണ്. കിലയ്ക്കു പുറമെ അടൂർ, കാസർകോട് കേന്ദ്രങ്ങളിലും പരിശീലനം സംഘടിപ്പിച്ചിരുന്നു.



കിലയിലെത്തിയ കേരള ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ ശോഭ കോശിയും യൂണിസെഫ് പ്രതിനിധികളും

# ബാലസൗഹൃദ ജില്ലാസംവിധാനങ്ങൾ സംസ്ഥാനത്തു വ്യാപിപ്പിക്കും: കില ഡയറക്ടർ

**കു**ട്ടികൾക്കായുള്ള ജില്ലാതല കർമ്മപദ്ധതിയും ബാലസൗഹൃദ ജില്ലാ സംവിധാനങ്ങളും വ്യാപിപ്പിക്കുന്നതിനു സംസ്ഥാനതല കൺസോർഷ്യം സംഘടിപ്പിക്കുമെന്നു കില ഡയറക്ടർ ഡോ.ജോയ് ഇളമൺ അറിയിച്ചു. സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ ശോഭ കോശിയും യൂണിസെഫ് പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കിലയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തുവരുന്ന ബാലസൗഹൃദ പ്രാദേശികഭരണ സംവിധാനം നിരീക്ഷിക്കാൻ എത്തിയതായിരുന്നു പ്രതിനിധസംഘം. ശോഭ കോശിക്കു പുറമെ യൂണിസെഫിന്റെ ഇന്ത്യയിലെ ഉപദേശകരായ ജി.ബാലഗോപാൽ, ഡോ.ടുടുകുമാർ ഘോഷ്, യൂണിസെഫ് ചെന്നൈ യൂണിറ്റിലെ ഡോ അകില രാധാകൃഷ്ണൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു. ബാലസൗഹൃദ തദ്ദേശഭരണം വിലയിരുത്തുന്ന രീതികളെക്കുറിച്ചും നിലവാരനിർണയം സംബന്ധിച്ചും കില ഡയറക്ടറും ഡോ.പീറ്റർ എം.രാജുമായും സംഘം വിശദമായി ചർച്ച നടത്തി.

സംസ്ഥാനത്തെ നൂതന സംരംഭമായ തൃശ്ശൂർ ബാലസൗഹൃദ ജില്ലാ പ്രവർത്തനങ്ങൾ പഠിക്കുന്നതിനു സംഘം തൃശ്ശൂർ ജില്ലാപഞ്ചായത്ത് സന്ദർശിക്കുകയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീലാ വിജയകുമാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിററി ചെയർപേഴ്സൺ പത്മിനി ടീച്ചർ എന്നിവരുമായും ചർച്ച നടത്തി. തൃശ്ശൂർ ജില്ല തയ്യാറാക്കിയ കുട്ടികൾക്കായുള്ള പ്രഥമ കർമ്മപദ്ധതി മറ്റുജില്ലകളിലേക്കു വ്യാപിപ്പിക്കുന്നതു സംബന്ധിച്ചും ചർച്ചകളുണ്ടായി.



അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നഗരസഭയിലെ മേറ്റുമാർക്കുള്ള ഏകദിന പരിശീലനം കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

# അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി: മേറ്റുമാർക്കു കിലയിൽ പരിശീലനം

**സം**സ്ഥാന സർക്കാരിന്റെ അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നഗരസഭയിലെ മേറ്റുമാർക്കു കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.സണ്ണി ജോർജ്, നഗരസഭ ചെയർപേഴ്സൺ സുപ്രിയ സന്തോഷ് എന്നിവർ സംസാരിച്ചു.

അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി ആസൂത്രണം, മേററുമാരുടെ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും, ഗ്രൂപ്പ് ആക്ടിവിറ്റി തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ടി.ഐ.വർഗ്ഗീസ്, ബാലഗംഗാധരൻ എന്നിവർ നേതൃത്വം നൽകി. അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയിൽ പ്രവർത്തിക്കുന്ന 40 പേരുടെ മേൽനോട്ട ചുമതലയുള്ളവരാണ് മേറ്റുമാർ. നഗരസഭയിലെ വിവിധ ഡിവിഷനുകളിൽനിന്ന് 100 ൽ പരം പേർ പരിശീലനത്തിൽ പങ്കെടുത്തു.

## ചോദ്യങ്ങൾക്കു മറുപടി

? പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കു സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിനു ഏറ്റെടുക്കാമോ?

● ഏറ്റെടുക്കാം.8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതി ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ മാത്രം ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്കു ഏറ്റെടുക്കാം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമായിരിക്കണം. ഒരു വിദ്യർത്ഥിക്കു ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്കു നൽകാവുന്നതല്ല.(സ.ഉ.(സാധാ)1683/17 തസ്വഭവ.23.5.17.ഖ.21)

? പദ്ധതി പണമുപയോഗിച്ച് വയോജനങ്ങൾക്കു കട്ടിൽ വാങ്ങി നൽകാമെന്നു പറയുന്നു. ഇതിനു എത്ര തുകയാണ് വകയിരുത്തേണ്ടത്?

● വയോജനങ്ങൾക്കു കട്ടിൽ നൽകുന്നതിനു പദ്ധതി വയ്ക്കാം. ഒരു കട്ടിലിനു യൂണിസ്റ്റ് കോസ്റ്റായി 4350/-രൂപ വരെ പരമാവധി നൽകാമെന്നു നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം നൽകുന്ന കട്ടിലിന്റെ നീളം.98 സെ.മീറ്ററും വീതി 90 സെ.മീറ്ററും മുൻകാൽ നീളം 60 സെ.മീറ്ററും പിൻകാൽ നീളം 50 സെ.മീറ്ററുമായിരിക്കണം. കട്ടിലിനു ഉപയോഗിക്കുന്ന പ്ലൈവുഡ് 8 മില്ലിമീറ്റർ കനമുള്ളതുമായിരിക്കണം.(സ.ഉ.(സാധ)2086/2017/തസ്വഭവ.തീയതി21.6.2017)

? പാലിയേറ്റീവ് പരിചരണപദ്ധതി ബ്ലോക്ക് പഞ്ചായത്തുകൾക്കു നേരിട്ട് ഏറ്റെടുക്കാമോ?

● ഏറ്റെടുക്കാം. ബ്ലോക്ക് പഞ്ചായത്തുകൾക്കു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖാന്തിരം ആവശ്യമെങ്കിൽ പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും ബന്ധപ്പെട്ട ആവശ്യങ്ങൾക്കും തുക വകയിരുത്തി പദ്ധതി വയ്ക്കാവുന്നതുമാണ്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.10.2015 ലെ സ.ഉ.(സാധ) 3217/2015 നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി ഏറ്റെടുക്കേണ്ടത്. (സ.ഉ.(സാധ) 1683/17 തസ്വഭവ.തീയതി.23.5.17.ഖണ്ഡിക.19(അനുബന്ധം).

? ഉദ്ഘാടനം പോലുള്ള പൊതുചടങ്ങുകൾക്കു എത്ര തുക പഞ്ചായത്തിനു ചെലവഴിക്കാം. അതിനു പ്രത്യേക നിർദ്ദേശമുണ്ടോ?

● മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങാണെങ്കിൽ പരമാവധി 25,000/- രൂപ വരെ ചെലവഴിക്കാം. അല്ലാതെയുള്ള ചടങ്ങുകൾക്കു 10,000/-രൂപ വരെ ചെലവഴിക്കാം. (സ.ഉ.(സാധ)3866/15 തസ്വഭവ.തീയതി.28.12.2015)

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്പ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000**

? നെൽ കർഷകർക്കു എത്ര തുക പരമാവധി സബ്സിഡി നൽകാം?

● ചെറുകിട/നാമമാത്ര കർഷകർക്കു നെൽകൃഷി ചെയ്യുന്നതിനു കൂലിച്ചെലവ് സബ്സിഡിയായി ഒരു ഹെക്ടറിനു 17,000/- രൂപ വീതം രണ്ടു ഹെക്ടറിനു പരമാവധി 30,000/- രൂപ സബ്സിഡി നൽകാവുന്നതാണ്. ഓരോ കൃഷിക്കും ഇപ്രകാരം സബ്സിഡി നൽകാം. സ.ഉ. (സാധ) 2322/2017 തസ്വഭവ.തീയതി.7.7.2017.

? 2015 -16 വർഷത്തിനുമുമ്പ് തുടങ്ങിയ പദ്ധതികൾ ഇപ്പോൾ സ്പിൽ ഓവറായി തുടരാൻ കഴിയുമോ?

● 2015-16 വർഷത്തിനു മുമ്പുള്ള സ്പിൽ ഓവർ പദ്ധതികൾ കരാർ വച്ചു നിർമ്മാണം തുടങ്ങിയതാണെങ്കിൽ അവ 2017-18 പദ്ധതി വിഹിതമോ തനതു ഫണ്ടോ ഉപയോഗിച്ച് അന്തിമ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുമതി നൽകിയിട്ടുണ്ട്.(സ.ഉ.(സാധ)2303/2017തസ്വഭവ.തീയതി.6.7.2017)

? കോഴി ഫാം തുടങ്ങുന്നതിനു ലൈസൻസ് കിട്ടാൻ എന്തെല്ലാം നടപടിക്രമങ്ങളുണ്ട്?

● കോഴി ഫാം തുടങ്ങുന്നതിനു 2012 ലെ ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിനുള്ള ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ സെക്രട്ടറിക്കു സമർപ്പിക്കണം. ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന പക്ഷികളുടെ എണ്ണം വ്യക്തമാക്കിയിരിക്കണം. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവ വ്യക്തമാക്കുന്ന അപേക്ഷയും രേഖകളും ഹാജരാക്കണം. ഫാമിന്റെ അതിർത്തിയിൽനിന്നും 10 മീററർ പരിധിയിലുള്ള ജനവാസം സംബന്ധിച്ച വിവരങ്ങൾ, മാലിന്യസംസ്കരണസംവിധാനങ്ങളുടെ വിവിരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരിക്കണം. മലിനീകരണനിയന്ത്രണ ബോർഡിൽനിന്നുള്ള റിപ്പോർട്ടും ആവശ്യമാണ്. ഇത്രയും കാര്യങ്ങൾ. സമർപ്പിച്ച് നിശ്ചിത ഫീസ് അടച്ചാൽ അന്വേഷണം നടത്തി അനുവാദം നൽകുന്നതാണ്. ദേശാടനപക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിനു നാലു കിലോമീറ്റർ ചുറ്റളവിൽ പൗൾട്രിഫാം അനുവദിക്കുന്നതല്ല. (കൂടുതൽ വിവരങ്ങൾക്കു 2012 ലെ ലൈവ്സ്റ്റോക്ക് ഫാം ചട്ടങ്ങൾ കാണുക.)

## വിവരാവകാശനിയമം: അപേക്ഷ കൈമാറൽ വ്യവസ്ഥകൾ

**വി**വരാവകാശനിയമപ്രകാരം ഒരു അപേക്ഷകൻ നൽകുന്ന അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഭാഗികമായി ഒരു പൊതു അധികാരിയുടെ കൈവശം ഉണ്ടായിരിക്കുകയും ബാക്കി ഒന്നിലധികം പൊതു അധികാരികളുടെ പക്കൽ ചിതറി കിടക്കുകയുമാണെങ്കിൽ,അപേക്ഷ കൈപ്പററുന്ന പൊതു അധികാരി തന്റെ കൈവശമുള്ള വിവരം നൽകിയശേഷം ബാക്കി വിവരങ്ങൾ നൽകാനായി ബന്ധപ്പെട്ട് മറ്റു പൊതു അധികാരികൾക്കു പ്രത്യേകം പ്രത്യേകം അപേക്ഷ നൽകാൻ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന ഒരു വിവരവും കൈവശമില്ലാതിരിക്കുകയും അവ ഒന്നിലേറെ പൊതു അധികാരികളുടെ കൈവശം ചിതറി കിടക്കുകയുമാണെങ്കിൽ, വിവരം പൊതു അധികാരിയുടെ കൈവശം ഇല്ലായെന്നും വിവരം ലഭിക്കാനായി ബന്ധപ്പെട്ട പൊതു അധികാരികൾക്കു പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണെന്നു സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകനു നിർദ്ദേശം നൽകേണ്ടതാണ്. പൊതു അധികാരിയുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ നൽകാൻ മാത്രമാണ് വിവരാവകാശനിയമം വ്യവസ്ഥ ചെയ്യുന്നത്. വിവരം ശേഖരിച്ചു നൽകുക എന്നതു പരിധിയിൽ വരുന്നില്ല. വിവരാവകാശനിയമത്തിന്റെ 6(3) വകുപ്പിൽ മററു അധികാരസ്ഥാനം എന്നാണ് പറയുന്നത്.അധികാരസ്ഥാനങ്ങൾ എന്നു പറയുന്നില്ല. ആയതിനാൽ അപേക്ഷ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ പല അധികാരസ്ഥാനങ്ങൾക്കു കൈമാറേണ്ടതില്ല.(18.5.2017 ലെ സംസ്ഥാന വിവരാവകാശകമ്മീഷന്റെ 5395/എസ്.ഐ.സിജി.7/2017 നമ്പർ സർക്കുലർ)



കില സന്ദർശിക്കാനെത്തിയ തമിഴ്നാട്ടിലെ ഉദ്യോഗസ്ഥസംഘം കില ഡയറക്ടർ ഡോ.ജോയ് ഇളമനുമായി ചർച്ച നടത്തുന്നു

# കിലയെക്കുറിച്ചു പഠിക്കാൻ തമിഴ്നാട് സംഘമെത്തി

**പ്രാ**ദേശികഭരണ വിഷയത്തിൽ മികവിന്റെ കേന്ദ്രമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിന്സ്ട്രേഷന്റെ(കില) പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനു തമിഴ്നാട് അഡീഷ്ണൽ ചീഫ് സെക്രട്ടറി മീനാക്ഷി രാജഗോപാലിന്റെ നേതൃത്വത്തിലുള്ള ഉന്നത ഉദ്യോഗസ്ഥസംഘം കില സന്ദർശിച്ചു. കില നടത്തുന്ന വിവിധ പരിശീലനപരിപാടികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകുന്ന ഇതര സാങ്കേതിക പിന്തുണാപ്രവർത്തനങ്ങൾ, കിലയുടെ ഭരണസംവിധാനം എന്നിവയെക്കുറിച്ച് കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുമായി ചർച്ച നടത്തി. കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ചകളുണ്ടായി. ചേലക്കര ഗ്രാമപഞ്ചായത്ത് സന്ദർശിച്ച സംഘം ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി. പഞ്ചായത്തിന്റ ഭരണ, വികസന, ക്ഷേമപ്രവർത്തനങ്ങൾ, പദ്ധതി ആസൂത്രണ -നിർവഹണം എന്നിവയെസംബന്ധിച്ചും മനസ്സിലാക്കി. തമിഴ്നാട് എസ്.ഐ.ആർഡി ഡയറക്ടർ കെ മാധവി, റൂറൽ ഡെവലപ്മെന്റ് അഡീഷ്ണൽ ഡയറക്ടർ ഡോ. എം.മനോഹരസിംഗ്, സീനിയർ കൺസൽട്ടൻറ്(എസ്.പി.ആർ.സി) കെ. രാമമൂർത്തി, ഇ.ഡി.ഐ.അഡീഷ്ണൽ ഡയറക്ടർ ആർ.വി. സജീവന, എസ്.എൽ.ഐ.ഡയറക്ടർ രാമസുബ്രഹ്മണ്യം, എന്നിവരായിരുന്നു സംഘത്തിലെ മറ്റംഗങ്ങൾ.



ജനകീയാസൂത്രണത്തിന്റെ കാര്യശേഷിവികസന പരിപാടിയായ പദ്ധതിനിർവഹണവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ബ്ലോക്ക്തല ശിൽപ്പശാല

# ജനകീയാസൂത്രണം: ബ്ലോക്ക്തല ശിൽപ്പശാലകൾ

ജനകീയാസൂത്രണത്തിന്റെ അഞ്ചാംഘട്ട കാര്യശേഷി വികസന പരിപാടിയായ പദ്ധതിനിർവഹണവും മോണിറ്ററിംഗുമായി ബന്ധപ്പെട്ട് ബ്ലോക്ക്തല ശിൽപ്പശാല കിലയിൽ സംഘടിപ്പിച്ചു.സംസ്ഥാന വ്യാപകമായി ജൂലൈ 10,11,12 തീയതികളിലായിട്ടാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, ചേലക്കര, വടക്കാഞ്ചേരി പുഴയ്ക്കൽ, ഒല്ലൂക്കര, മുല്ലശ്ശേരി ബ്ലോക്കു പഞ്ചായത്തതിർത്തിയിൽപ്പെട്ട 19 പഞ്ചായത്തുകളിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, ആസൂത്രണസമിതി വൈസ് ചെയർമാൻമാർ, സെക്രട്ടറിമാർ സന്നദ്ധപ്രവർത്തകർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ജില്ലാ കോർഡിനേറ്റർ വി.വി.സുധാകരൻ ആമുഖപ്രഭാഷണം നടത്തി. ജില്ലാതലത്തിൽ പരിശീലനം നേടിയവരാണ് ശിൽപ്പശാലയ്ക്കു നേതൃത്വം നൽകിയത്.


ചരിത്രത്തിലാദ്യമായി സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സാമ്പത്തികവർഷത്തെ ആദ്യ പാദത്തിൽ തന്നെ പദ്ധതി അംഗീകാരം വാങ്ങിയ പശ്ചാത്തലത്തിൽ സമയബന്ധിതവും കാര്യക്ഷമവുമായ പദ്ധതിനിർവഹണമാണ് ശിൽപ്പശാല ലക്ഷ്യമിടുന്നത്.



പൊതുഭരണത്തെക്കുറിച്ച് ഗ്രാമപഞ്ചായത്ത് ക്ലാർക്കുമാർക്കു കിലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടി

## ഗ്രാമപഞ്ചായത്ത് ക്ലാർക്കുമാരുടെ പരിശീലനം തുടരുന്നു

**പൊ**തുഭരണത്തെക്കുറിച്ച് ഗ്രാമപഞ്ചായത്തുകളിലെ ക്ലാർക്കുമാർക്കു കിലയിൽ പരിശീലനം നൽകി. ക്ലാർക്കുമാരായി നിയമനം ലഭിച്ചശേഷം ഇതുവരെ പരിശീലനം ലഭിക്കാത്തവർക്കാണ് പരിശീലനം. സംസ്ഥാനത്ത് 700 പേർക്കാണ് ഇത്തരം പരിശീലനം ലഭിക്കാനുള്ളത്. ഇവരിൽ 40 പേർ വീതമുള്ള അഞ്ചു ബാച്ചുകളുടെ പരിശീലനം കഴിഞ്ഞ ജനുവരിയിൽ പൂർത്തിയായി. ശേഷിക്കുന്നവർക്കുള്ള പരിശീലനമാണ് ഇപ്പോൾ നൽകിയത്. പഞ്ചായത്ത് രാജ് നിയമം, ഉദ്യോഗസ്ഥ സംവിധാനം, ജനപ്രതിനിധി-ഉദ്യോഗസ്ഥബന്ധം, നികുതിനിർണയം, നിയന്ത്രണചട്ടങ്ങൾ, വിവരാവകാശനിയമം, സേവനാവകാശനിയമം, ഓഫീസ് മാനേജ്മെന്റ്,പഞ്ചവത്സരപദ്ധതി നിർവഹണം, കെട്ടിടനിർമ്മാണചട്ടം, സിവിൽ രജിസ്ട്രേഷൻ, ക്ഷേമ പെൻഷൻ വിതരണം തുടങ്ങി 22 വിഷയങ്ങളിലാണ് നാലു ദിവസത്തെ പരിശീലനം. ഡോ.ജെ.ബി.രാജൻ കോഴ്സ് ഡയറക്ടറും, വി.ജി.ശശിധരൻ, പ്രതാപ് സിംഗ്, അഡ്വ.സാജിറ, രാമചന്ദ്രൻ നായർ, ബഷീർ, ബാലചന്ദ്രൻ നായർ എന്നിവർ കോർഡിനേറ്റർമാരുമാണ്. സി.രാധാകൃഷ്ണൻ, ടി.രാധാകൃഷ്ണൻ, എൻ.പി.വേണുഗോപാൽ, വർക്കി ജോസഫ്, സഞ്ജയ് പ്രഭു, ജെ. നെൽസൺ, ജോസഫ് ജോൺ, ഡോ.അഹമ്മദ്, ഡോ.അമൃത, അജിത് കുമാർ, കെ.വി.അനിൽ കുമാർ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.



കിലയുടെ പി.ജി.ഡിപ്ലോമ കോഴ്സിൽ പ്രവേശനം ലഭിച്ച ജനപ്രതിനിധികൾ ഒന്നാമത്തെ സെമസ്റ്റർ പരീക്ഷ എഴുതുന്നു

## പി.ജി.ഡിപ്ലോമ കോഴ്സ് സെമസ്റ്റർ പരീക്ഷ

**ത**ദ്ദേശസ്ഥാപനങ്ങളിലെ ബിരുദമുള്ള ജനപ്രതിനിധകൾക്കുവേണ്ടി കില നടത്തുന്ന പി.ജി.ഡിപ്ലോമ കോഴ്സിന്റെ ആദ്യ സെമസ്റ്റർ പരീക്ഷ പൂർത്തിയായി. 32 തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ള 36 പേരാണ് പരീക്ഷ എഴുതിയത്. ബാലസൗഹൃദഭരണത്തിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സ് 2016 ഡിസംബറിലാണ് ആരംഭിച്ചത്. ജനങ്ങളുമായി അടുത്ത ബന്ധമുള്ളവരെന്ന നിലയ്ക്കു ജനപ്രതിനിധികൾക്കു ബാലാവകാശത്തെക്കുറിച്ചും ബാലസൗഹൃദ ഭരണത്തെക്കുറിച്ചും പ്രൊഫഷണൽ പരിശീലനം നൽകുകയാണ് കോഴ്സിന്റെ ലക്ഷ്യം. രണ്ടു സെമസ്ററുകളിലായിട്ടാണ് ഇതു രൂപകൽപ്പന ചെയ്തിട്ടുള്ളത്.കുട്ടികളുടെ അവകാശപ്രഖ്യാപനങ്ങളും കേരള സാഹചര്യങ്ങളും, കുട്ടികളുടെ വികസനം, കുട്ടികളുടെ അവസ്ഥാവിശകലനം, ബാലസൗഹൃദ തദ്ദേശഭരണത്തെക്കുറിച്ചുള്ള രണ്ടു വിഷയങ്ങൾ തുടങ്ങി അഞ്ചുവിഷയങ്ങളാണ് ആദ്യ സെമസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജിനാണ് കോഴ്സിന്റെ ചുമതല.



KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O)
Thrissur-680581 **(for private circulation only)**